# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2243 11-2-2020 - ൽ മറുപടിയ്ക്ക്

### ഉപഭോക്തൃനയം

ചോദ്യം

ശ്രീ.കെ. രാജൻ
,, ഇ.കെ.വിജയൻ
,, ഇ.ടി. ടൈസൺ മാസ്റ്റർ
,, വി.ആർ. സുനിൽ കുമാർ:

മറുപടി

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന് പ്രത്യേകമായി ഉപഭോക്തൃനയം രൂപീകരിക്കുമോ; എങ്കിൽ പ്രസ്തുത നയത്തിന്റെ ഊന്നൽ ഏതൊക്കെ മേഖലകളിൽ ആയിരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ഉപഭോക്തൃ ബോധവൽക്കരണത്തിനും, ഉപഭോക്തൃ ശാക്തീകരണ പ്രവർത്തനങ്ങൾക്കും, ഉപഭോക്തൃ തർക്ക പരിഹാരത്തിനുള്ള വിപുലമായ സംവിധാനങ്ങൾക്കും ഊന്നൽ നൽകികൊണ്ടുള്ള ഉപഭോക്തൃ നയം നടപ്പിലാക്കുന്നത് പരിശോധിച്ചു വരുന്നു. |
| (ബി) | ഉപഭോക്തൃകാര്യ വകുപ്പിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഉപഭോക്തൃകാര്യ വകുപ്പിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 3-9-2019 ന് ദേശീയ തലത്തിൽ ചേർന്ന സംസ്ഥാന ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രിമാരുടെ യോഗത്തിലെ അജണ്ടയിൽ സ്വതന്ത്ര ഉപഭോക്തൃകാര്യ വകുപ്പ് ഡയറക്ടറേറ്റ് രൂപീകരണം ഉൾപ്പെടുത്തിയിരുന്നു. |
| (സി) | ഉപഭോക്തൃകാര്യ ഡയറക്ടറേറ്റ് രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് ഉപഭോക്തൃകാര്യ വകുപ്പിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുകയാണ്. |
| (ഡി) | ഉപഭോക്താക്കൾക്ക് തങ്ങളുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ഡി) | ഉപഭോക്താക്കൾക്കു ശരിയായ അവബോധം നൽകുന്നതിനും, ഉപഭോക്തൃ ശാക്തീകരണ പ്രവർത്തനങ്ങൾക്കും വേണ്ടി 'ഉപഭോക്തൃ കേരളം' എന്ന പേരിൽ ദ്വൈമാസിക പ്രസിദ്ധീകരിച്ചു വരുന്നു. ഗ്രാമങ്ങളിൽ പോലും ഉപഭോക്തൃ ബോധവൽക്കരണം നടത്തുന്നതിനുവേണ്ടി, ഒരു ബോധവൽക്കരണ വാഹനം തയ്യാറാക്കി, സംസ്ഥാനമൊട്ടാകെ പര്യടനം നടത്തി വീഡിയോ പ്രദർശനത്തിലൂടെ ഉപഭോക്തൃ |

.......2

| | | | |
|---|---|---|---|
| | | | ബോധവൽക്കരണം നടത്തി വരുന്നു. ഉപഭോക്തൃ ബോധവൽക്കരണ സന്ദേശം നൽകുന്ന തെരുവു നാടകവും സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ പ്രദർശനം നടത്തി വരുന്നു. കൂടാതെ ഉപഭോക്തൃ ബോധവൽക്കരണ സന്ദേശം ഉൾക്കൊള്ളുന്ന അഞ്ചു പരസ്യ ചിത്രങ്ങൾ തയ്യാറാക്കി വിവിധ മാധ്യമങ്ങളിലൂടെ ജനങ്ങളിൽ എത്തിച്ചു വരുന്നു. എഫ്. എം. റേഡിയോ, ആകാശവാണി, പത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയിലൂടെ പരസ്യങ്ങളും നൽകി വരുന്നു. ഹോർഡിങ്ങുകൾ, ട്രാൻസ്പോർട്ട് ഹബ്ബുകളിലെ പരസ്യങ്ങൾ എന്നിവയിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ഇ)** | പൊതുജനങ്ങൾക്ക് ഉപഭോക്തൃ അവകാശങ്ങൾ, പരാതികൾ, മറ്റ് ഉപഭോക്തൃ വിവരങ്ങൾ എന്നിവ നല്കുന്നതിനായി ജില്ലാതല ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | **(ഇ)** | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിൽ ജില്ലാതല ഉപഭോക്തൃ സഹായക കേന്ദ്രങ്ങൾ ആരംഭിച്ചു. ഇടുക്കി കോഴിക്കോട് ജില്ലകളിൽ ഉടൻ ആരംഭിക്കുന്നതാണ്. മറ്റു ജില്ലകളിൽ ഉപഭോക്തൃ സഹായക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ